ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പെൺകുട്ടികളെ സ്വയം പര്യാപ്തരാക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും അധ്യാപകരും പ്രോത്സാഹനം നൽകണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

   President Draupadi Murmu has appealed to all educational institutions and teachers to encourage daughters to acquire higher education and become self-reliant..

2. ഭക്ഷ്യ സുരക്ഷയ്ക്കും ഭക്ഷ്യമേഖലയുടെ നവീകരണത്തിനും ആഗോള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi said that the government is committed that the country sets global benchmarks for innovation, sustainability and safety in the food sector.

3. പൂനെയിൽ മലയാളി ചാർട്ടേഡ് അക്കൗണ്ടന്റ് മരിച്ച സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി ശോഭ കരന്തലജെ.

   Union Minister of State Shobha Karantlaje said that the investigation into the death of a Malayali chartered accountant in Pune is in progress

4. മലപ്പുറത്ത് എം പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യ മന്ത്രി വീണ ജോർജിന്റെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു.

   Health Minister, Veena George held a meeting to review the preventive measures of M. Pox as the disease was confirmed in Malappuram,.

5. ഇന്ത്യ- ബംഗ്ലദേശ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ ആദ്യ ദിനം, കളി അവസാനിക്കുമ്പോൾ, ഇന്ത്യക്ക് 6 വിക്കറ്റ് നഷ്ടത്തിൽ 339 റൺസ്.

   In the first cricket test of the two match series against Bangladesh, India were 339 for 6 at the end of the first day's play

## PREZ-INDORE

കഴിവും താത്പര്യവും അടിസ്ഥാനമാക്കിയാകണം തൊഴിൽ മേഖല തിരഞ്ഞെടുക്കേണ്ടതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഇത്തരത്തിൽ തൊഴിൽ മേഖല തിരഞ്ഞെടുത്താൽ മാത്രമേ വിജയം കൈവരിക്കാനാകുവെന്നും രാഷ്ട്രപതി പറഞ്ഞു.

മധ്യപ്രദേശിലെ ഇൻഡോറിൽ ദേവി അഹല്യ വിശ്വവിദ്യാലയത്തിൽ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമ്മു.

(ഹോൾഡ് വോയ്സ്)

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അധ്യാപകരും പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണമെന്നും അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കണമെന്നും ശ്രീമതി മുർമ്മു ആഹ്വാനം ചെയ്തു. തുടർച്ചയായി ശുചിത്വ സർവേയിൽ ഒന്നാമതെത്തിയ ഇൻഡോർ നഗരത്തെ രാഷ്ട്രപതി അഭിനന്ദിച്ചു. ഉജ്ജയിനിൽ സഫായി മിത്ര സമ്മേളനത്തെ അഭിസംബോധന ചെയ്ത ശേഷമാണ് രാഷ്ട്രപതി ഇൻഡോറിൽ എത്തിയത്. മധ്യപ്രദേശ് സന്ദർശനം പൂർത്തിയാക്കി ഝാർഖണ്ഡിലെത്തുന്ന രാഷ്ട്രപതി റാഞ്ചിയിൽ ഐ.സി.എ.ആർ ശതാബ്ദി സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും.

## REV. DAY-WORLD FOOD INDIA

ഭക്ഷ്യ സുരക്ഷയ്ക്കും ഭക്ഷ്യമേഖലയുടെ നവീകരണത്തിനും ആഗോള മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ ആരംഭിച്ച വേൾഡ് ഫുഡ് ഇന്ത്യ 2024 പരിപാടിയെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയ്ക്ക് ഊർജ്ജസ്വലവും വൈവിധ്യപൂർണ്ണവുമായ ഒരു ഭക്ഷ്യ സംസ്കാരമുണ്ടെന്നും കർഷകർ രാജ്യത്തിൻ്റെ ഭക്ഷ്യ മേഖലയുടെ നട്ടെല്ലാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോകവുമായി ഒത്തു ചേർന്ന് പ്രവർത്തിക്കാനുള്ള അനുയോജ്യമായ വേദിയാണ് വേൾഡ് ഫുഡ് ഇന്ത്യ പരിപാടിയെന്നും പ്രധാനമന്ത്രി പറഞ്ഞു. നാല് ദിവസം നീണ്ടുനിൽക്കുന്ന പരിപാടിക്ക് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമായി.

## GADKARI- HYDROGEN

ഹൈഡ്രജൻ ഉപയോഗത്തിലൂടെ വരും വർഷങ്ങളിൽ ഫോസിൽ ഇന്ധനത്തിൻ്റെ ഇറക്കുമതി 22 ലക്ഷം കോടിയിൽ നിന്ന് നാല് ലക്ഷം കോടിയായി കുറയ്ക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ബയോടെക്നോളജിയുടെ ഉപയോഗം കുറഞ്ഞ നിരക്കിൽ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കാൻ സഹായിക്കും. ഇന്ത്യയെ ഊർജ കയറ്റുമതി രാജ്യമാക്കി മാറ്റുന്നതിനാണ് മന്ത്രാലയം ശ്രമിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

## MAHA- AIIFA

2030-ഓടെ രാജ്യത്ത് ഉരുക്കിൻറെ ഉൽപ്പാദനത്തിൽ 300 മെട്രിക് ടൺ ശേഷി കൈവരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി എച്ച്.ഡി.കുമാരസ്വാമി. ഓൾ ഇന്ത്യ ഇൻഡക്ഷൻ ഫർണസ് അസോസിയേഷനും സുസ്ഥിര സ്റ്റീൽ മാനുഫാക്ചേഴ്സ് അസോസിയേഷനും ചേർന്ന് മുംബൈയിൽ സംഘടിപ്പിച്ച 36-ാമത് ദേശീയ സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. ഹരിത ഉരുക്കു പരിവർത്തനത്തിൻ്റെ അടിത്തറയായി ദേശീയ ഉരുക്ക് നയം പ്രവർത്തിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. ഹരിത ഉരുക്ക് വിപ്ലവത്തിൻ്റെ ഭാഗമാകാൻ ഉരുക്കു വ്യവസായ മേഖലയോട് അദ്ദേഹം അഭ്യർത്ഥിച്ചു.

## SHIVRAJ - 100 DAY - Voice Cast

നരേന്ദ്ര മോദി സർക്കാർ കർഷകർക്ക് പ്രഥമ പരിഗണന നൽകുന്നതായി കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാൻ. പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധിയിലൂടെ കർഷകർക്ക് 21,000 കോടി രൂപ വിതരണം ചെയ്തതായും കേന്ദ്ര മന്ത്രി പറഞ്ഞു. കഴിഞ്ഞ 100 ദിവസങ്ങളിൽ 25 ലക്ഷം പുതിയ കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തിയതായും ഇതോടെ ആകെ ഗുണഭോക്താക്കളുടെ എണ്ണം ഒൻപത് കോടി 51 ലക്ഷം പിന്നിട്ടതായും അദ്ദേഹം പറഞ്ഞു.

## PETROLEUM- SCHEMES

മൂന്നാം എൻഡിഎ സർക്കാരിൻറെ ആദ്യ 100 ദിവസ കാലയളവിനുള്ളിൽ നിരവധി സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടതായി പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം. പരിഷ്കരിച്ച പി എം- ജെ ഐ- വാൻ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയതായി മന്ത്രാലയം അറിയിച്ചു. കാർഷിക അവശിഷ്ടങ്ങൾക്ക് ആദായകരമായ വരുമാനം ലഭ്യമാക്കാനും പരിസ്ഥിതി മലിനീകരണം കുറക്കാനും പദ്ധതി ലക്ഷ്യമിടുന്നു. പ്രധാനമന്ത്രി ഉജ്ജ്വല യോജന പ്രകാരം കഴിഞ്ഞ മൂന്നു മാസങ്ങൾക്കിടയിൽ പാചക വാതക സിലിണ്ടറുകളുടെ പ്രതിശീർഷ ഉപഭോഗം ഗണ്യമായി വർധിച്ചെന്നും മന്ത്രാലയം വ്യക്തമാക്കി.

## ON OE

ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച കേന്ദ്രമന്ത്രിസഭാ തീരുമാനം ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ചടുലവും, പ്രാതിനിധ്യപരവു മാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗമാണ് ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഉന്നതതല സമിതി ശുപാർശകൾക്ക് അംഗീകാരം നൽകിയത്. സമിതിക്ക് നേതൃത്വം നൽകിയ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

## VP- VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ കേന്ദ്രഭരണ പ്രദേശമായ ദാദ്രാ നഗർ ഹവേലി ദാമൻ ദിയു സന്ദർശിക്കും. മേഖലയിലെ വിവിധ അടിസ്ഥാന സൗകര്യ- വികസന പദ്ധതികൾക്ക് ഉപരാഷ്ട്രപതി തുടക്കം കുറിക്കും. ജംപോറിൽ പക്ഷി പരിപാലന കേന്ദ്രം ഉത്ഘാടനം ചെയ്യുന്ന ഉപരാഷ്ട്രപതി ദമാമിലെ ആരോഗ്യ കേന്ദ്രവും സന്ദർശിക്കും.

## MEA-PM US VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ യുഎസ് സന്ദർശനത്തിന് ഈ മാസം 21 ന് തുടക്കമാകും. വിവിധ ഉഭയകക്ഷി, ബഹുമുഖ വിഷയങ്ങളിൽ പ്രധാനമന്ത്രി ചർച്ച നടത്തുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഒരു റിപ്പോർട്ട്...

(VOICE)

യുഎസ് സന്ദർശനത്തിൻറെ ഭാഗമായി നിരവധി ലോക നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. യുഎസ്സിലെ ഇന്ത്യൻ സമൂഹവുമായി സംവദിക്കുന്ന അദ്ദേഹം വാണിജ്യ- വ്യവസായ നേതാക്കളുമായും ചർച്ച നടത്തും. 21ന് ഡെലവെയറിലെ വിൽമിംഗ്ടണിൽ നടക്കുന്ന നാലാമത് ക്വാഡ് നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചകോടിയുമായി ബന്ധപ്പെട്ട് നടത്തുന്ന ഉഭയകക്ഷി ചർച്ചകളിലും പ്രധാനമന്ത്രി സംബന്ധിക്കും. കഴിഞ്ഞ ഒരു വർഷത്തിനിടെ ക്വാഡ് കൈവരിച്ച പുരോഗതി ഉച്ചകോടിയിൽ അവലോകനം ചെയ്യും. ഇന്തോ-പസഫിക് മേഖലയിലെ രാജ്യങ്ങളുടെ വികസന യാത്രയെ പിന്തുണക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തനങ്ങളും ചർച്ച ചെയ്യും. 2025 ൽ ഇന്ത്യ, ക്വാഡ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുമെന്നും വിദേശകാര്യ സെക്രട്ടറി പറഞ്ഞു. യുഎൻ പൊതുസഭയിൽ 'സമ്മിറ്റ് ഓഫ് ദി ഫ്യൂച്ചർ'പരിപാടിയിൽ പങ്കെടുക്കുന്നതിനായി ശ്രീ മോദി ഈ മാസം 23-ന് ന്യൂയോർക്കും സന്ദർശിക്കും. നല്ല ഭാവിക്കായി ബഹുമുഖ പരിഹാരം എന്നതാണ് സമ്മേളനത്തിൻറെ പ്രമേയം. നിർമിതബുദ്ധി, ക്വാണ്ടം കംപ്യൂട്ടിംഗ്, അർദ്ധചാലകങ്ങൾ തുടങ്ങിയ മേഖലകളിൽ ഇന്ത്യ - യു.എസ് സഹകരണം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട്, യുഎസ് ആസ്ഥാനമായുള്ള പ്രമുഖ കമ്പനികളുടെ മേധാവിമാരുമായും പ്രധാനമന്ത്രി സംവദിക്കും.
ന്യൂസ് ഡെസ്ക് ആകാശവാണി

## SHOBHA KARANTHALAJE

മലയാളി ചാർട്ടേഡ് അക്കൗണ്ടൻറ് അന്ന സെബാസ്റ്റ്യൻറെ മരണത്തിൽ വിശദായ അന്വേഷണം പുരോഗമിക്കുകയാണെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് സഹമന്ത്രി ശോഭ കരന്തലജെ. മുൻ കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖരൻറെ എക്സ് പോസ്റ്റ് പങ്കുവെച്ചായിരുന്നു കേന്ദ്രമന്ത്രിയുടെ പ്രതികരണം. അന്നയുടെ മരണം ഏറെ സങ്കടകരമാണെന്നും തൊഴിലിടത്തെ ചൂഷണം സംബന്ധിച്ച് അന്വേഷണം നടത്തുമെന്നും ശ്രീമതി ശോഭാ കരന്തലജെ അറിയിച്ചു. പുനെയിലെ സ്വകാര്യ കമ്പനിയിൽ ജോലിചെയിതിരുന്ന മകളുടെ മരണം ജോലിഭാരം മൂലമാണെന്ന് അന്നയുടെ മാതാപിതാക്കൾ ആരോപിച്ചിരുന്നു.

## M POX

എം പോക്സ് പ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ആരോഗ്യ മന്ത്രി വീണ ജോർജിന്റെ അധ്യക്ഷതയിൽ മലപ്പുറത്ത് ഇന്ന് ഉന്നതതല യോഗം ചേർന്നു. യുഎഇ-യിൽ നിന്നെത്തി എംപോക്സ് ലക്ഷണങ്ങളോടെ ചികിത്സയിലുണ്ടായിരുന്ന വ്യക്തിയ്ക്ക് ഇന്നലെയാണ് രോഗം സ്ഥിരീകരിച്ചത്. 23 പേരാണ് നിലവിൽ രോഗിയുടെ സമ്പർക്ക പട്ടികയിലുള്ളത്. അതേസമയം, നിപ സമ്പർക്കപട്ടികയിലുള്ള 37 പേരുടെ പരിശോധനാഫലം നെഗറ്റീവായതായാണ് റിപ്പോർട്ടുകൾ.

## KKD- HEPATITIS

കോഴിക്കോട് ജില്ലയിൽ വിവിധയിടങ്ങളിൽ മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ആരോഗ്യ വകുപ്പ്. ചങ്ങരോത്ത് പഞ്ചായത്തിലെ വടക്കുമ്പാട് സ്കൂളിൽ 200 ലേറെ വിദ്യാർഥികൾക്ക് മഞ്ഞപിത്ത രോഗബാധ സ്ഥിരീകരിച്ച സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിൻറെ ആഭിമുഖ്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുയാണ്. പ്രദേശത്ത് അവലോകന യോഗം നടത്തി. കൊമ്മേരിയിലും 50 ലേറെ പേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചിരുന്നു.

## GEORGE KURIAN

പി എം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷത്തിൻറെ ഭാഗമായി നാളെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും. രാവിലെ കഴക്കൂട്ടം നാഷണൽ സ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിമണിൽ നടക്കുന്ന പരിപാടിയിൽ പദ്ധതി ഗുണഭോക്താക്കളുടെ സർട്ടിഫിക്കറ്റും അദ്ദേഹം വിതരണം ചെയ്യും. മഹാരാഷ്ട്രയിലെ വാർധയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി പങ്കെടുക്കുന്ന ദേശീയ പി.എം വിശ്വകർമ്മ പരിപാടിയുടെ തത്സമയ പ്രദർശനവും ഉണ്ടാകും.

## CRICKET

ഇന്ത്യ- ബംഗ്ലദേശ് ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൻറെ ആദ്യ ദിനമായ ഇന്ന് കളി അവസാനിക്കുമ്പോൾ, ഇന്ത്യ 6 വിക്കറ്റ് നഷ്ടത്തിൽ 339 റൺസ് എന്ന നിലയിൽ. ഇന്ത്യക്കുവേണ്ടി രവിചന്ദ്രൻ അശ്വിൻ

സെഞ്ച്വറി നേടി.102 റൺസുമായി അശ്വിനും 86 റൺസുമായി രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ . ടോസ് നേടിയ ബംഗ്ലാദേശ് ഇന്ത്യയെ

ബാറ്റിങ്ങിന് അയക്കുകയായിരുന്നു. ചെന്നൈ എം എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം നടക്കുന്നത്.

## ISL

ISL ഫുട്ബോളിൽ ഇന്ന് ബംഗ്ളുരു എഫ്,സി, ഹൈദരാബാദിനെ നേരിടും. രാത്രി 7.30 ന് ബംഗളുരുവിലാണ് മത്സരം .

## BADMINTON

ചൈന ഓപ്പൺ ബാഡ്മിൻറൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ മാളവിക ബൻസോദ് ക്വാർട്ടർ ഫൈനലിലേക്ക് കടന്നു. ഇന്ന് നടന്ന പ്രീ ക്വാർട്ടറിൽ ലോക 25-ാം നമ്പർ താരം സ്കോട്ലാൻഡിന്റെ കിർസ്റ്റി ഗിൽമോറിനെയാണ് മാളവിക പരാജയപ്പെടുത്തിയത്. നാളെ നടക്കുന്ന മത്സരത്തിൽ ജപ്പാൻ താരമാണ് മാളവികയുടെ എതിരാളി.